'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് ജില്ല - കള്ളാടി ടണൽ ഫേസ് - 3 ൽ ഉണ്ടായ മണ്ണിടിച്ചിൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ചും വിദഗ്ധ സമിതി രൂപീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ. ഉ. (കൈ) നം. 14/2026/ഡി.എം.ഡി. തീയതി,തിരുവനന്തപുരം, 10.07.2026

---

പരാമർശം:- 1. സ. ഉ. (കൈ) നം. 6/2023/ഡി.എം.ഡി. തീയതി, 18.06.2023

2. സ. ഉ. (പി) നം. 2/2024/ഡി.എം.ഡി. തീയതി, 09.08.2024

3. 08.07.2026 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം. 73

**<u>ഉത്തരവ്</u>**

എ) വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ് -3 ൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായമായി അഞ്ച് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ച് രണ്ട് ലക്ഷം രൂപ വരെ ചികിത്സാസഹായവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

ബി) കള്ളാടി അപകടം സംഭവിച്ചതിന്റെ കാരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു. ടണൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരൻ കരാർ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോയെന്നതും, സംസ്ഥാനത്തിന്റെ പാരിസ്ഥിതികാനുമതി, കേന്ദ്രം നൽകിയ പാരിസ്ഥിതികാനുമതി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നൽകിയ ഫോറസ്റ്റ് ക്ലിയറൻസ് എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രം ടണൽ നിർമ്മാണവുമായി ബന്ധപ്പെട്ട ജോലികൾ തുടരേണ്ടതുള്ളൂ എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ. ഐ.എ.എസ്.
സ്പെഷ്യൽ സെക്രട്ടറി

ജില്ലാകളക്ടർ, വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

പൊതുമരാമത്ത് (എസ്.സി.) വകുപ്പ് (മന്ത്രിസഭായോഗതീരുമാനം ഇനം. 73)

പൊതുമരാമത്ത് വകുപ്പ്/പരിസ്ഥിതി വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/131/2026-DMD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്